# വിശാല രാഷ്ട്രീയവും വികലാംഗ രാഷ്ട്രീയവും

'രാഷ്ട്രീയം' എന്ന വിഷയത്തെ വിലയിരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ടതിനെ ഒന്നു വിശകലനം ചെയ്യാൻ ശ്രമിക്കുകയാണിവിടെ. 'രാഷ്ട്രീയം' രണ്ടു വിധമുണ്ടെന്നാണു ഞങ്ങളുടെ പക്ഷം.

ഒന്ന്: രാഷ്ട്രീയത്തിന്റെ എല്ലാ അർഥങ്ങളും പൂർണതയോടെ ഉൾക്കൊള്ളുന്ന രാഷ്ട്രീയം. ഞങ്ങളതിനെ വിശാല രാഷ്ട്രീയം എന്നു വിളിക്കുന്നു. ഉത്തമ രാഷ്ട്രീയം എന്നു വിളിച്ചാലും തെറ്റില്ല.

രണ്ട്: അംഗഭംഗം വന്ന് അർഥം തേഞ്ഞ് ആകൃതിയും സത്തയും നഷ്ടപ്പെട്ട രാഷ്ട്രീയം. അതിനെ ഞങ്ങൾ വികലാംഗ രാഷ്ട്രീയം എന്നു വിളിക്കുന്നു. അംഗങ്ങൾ വികലമായിപ്പോയ രാഷ്ട്രീയം. അധമ രാഷ്ട്രീയം എന്നു വിളിക്കുന്നതിനും കുഴപ്പമില്ല.

എന്താണ് രാഷ്ട്രീയം? രാഷ്ട്രത്തെ സംബന്ധിക്കുന്നതെന്തോ അതാണ് രാഷ്ട്രീയം. അപ്പോൾ രാഷ്ട്രമെന്താണെന്നു പറയണമല്ലോ.

എന്താണ് രാഷ്ട്രം? ഭൂമിശാസ്ത്രപരമായ അതിരുകളുള്ളതും ആ അതിരുകൾക്കുള്ളിലുമുള്ള വായു, ജലം, ആകാശം എന്നിവയും അവയിലടങ്ങിയിട്ടുള്ള സകലചരാചരങ്ങളും അവയ്ക്കെല്ലാം മേൽ പരമാധികാരമുള്ളൊരു ഭരണകൂടവുമടങ്ങുന്ന സംവിധാനത്തിനാണ് രാഷ്ട്രം എന്നു പറയുന്നത്. രാഷ്ട്രത്തിന് പ്രധാനമായും നാലു ഘടകങ്ങളുണ്ടെന്ന് ഇതിൽനിന്നു മനസിലാക്കാം. ഒന്ന് ഭൂമിശാസ്ത്രപരമായ അതിരുകൾ. രണ്ട് അതിരുകൾക്കുള്ളിലെ ഭൂമി, ജലം, ആകാശം.

മൂന്ന്: ചരാചരങ്ങൾ. നാല് പരമാധികാരമുള്ള ഭരണകൂടം. ഒരു മാതൃകാ രാഷ്ട്രത്തിന്റെ ഈ നാലു ഘടകങ്ങളും ചേരുംപടി ചേർന്നിട്ടുണ്ടായിരിക്കും. ഇവയിലേതിനെക്കുറിച്ച് പറഞ്ഞാലും അതു രാഷ്ട്രീയമാകും.

''എന്റെ കയ്യിലൊരു മുഴ വന്നു''

''എന്റെ ശരീരത്തിലൊരു മുഴ വന്നു!!''

കയ്യിൽ വന്നിട്ടുള്ള മുഴ തന്നെയാണ് എന്റെ ശരീരത്തിൽ വന്നിട്ടുള്ള മുഴയും. മുഴ ശരീരത്തിലെവിടെയാണെന്ന് ചോദിച്ചാൽ അത് കയ്യിലാണ്. കയ്യിലെവിടെയാണെന്നു ചോദിച്ചാൽ വിരലിലാണ്. വിരലിലെവിടെയെന്നു ചോദിച്ചാൽ 'ഇന്ന' വിരലിലാണ് എന്നിങ്ങനെ വിശദാംശങ്ങളിലേക്ക് പോകാം. പക്ഷെ മുഴ ശരീരത്തിൽ തന്നെയാണ്. എന്നതു പോലെ ഒരു രാഷ്ട്രത്തിനുള്ളിലെ ഏതു വിഷയവും ചെന്നു മുട്ടുന്നത് രാഷ്ട്രീയത്തിലാണ്. കാരണം രാഷ്ട്രത്തിനുള്ളിലെ ഏതൊരു പുൽത്തുരുമ്പിലും രാഷ്ട്രത്തിന് പരമാധികാരമുണ്ട് എന്നതു തന്നെ.

അണുബോംബ് പരീക്ഷിച്ചതും കാർഗിലിൽ യുദ്ധമല്ലാത്ത യുദ്ധം നടന്നതും രാഷ്ട്രീയത്തിലെ നേർപ്രവർത്തനങ്ങളാണ്. കാർഗിലിൽ മരിച്ച ജവാന്മാരും അല്ലാത്തവരും രാഷ്ട്രീയ പ്രവർത്തനത്തിലെ രക്തസാക്ഷികളുമാണ്.

മാവൂരിലെ ജനങ്ങൾ റയോൺസ് ഫാക്ടറിക്കെതിരേ സമരം ചെയ്യുന്നതും സർദാർ സരോവറിൽ മേധയും സംഘവും സമരം ചെയ്യുന്നതും രാഷ്ട്രീയം തന്നെയാണ്. കാർഗിലും അണുബോംബും ഭരണകൂടത്തിന്റെ പരമാധികാരമുറപ്പിക്കാനുള്ള നടപടിയെന്ന നിലയിലുള്ള രാഷ്ട്രീയമാണെങ്കിൽ മാവൂരിലെയും നർമ്മദയിലെയും സമരങ്ങൾ സാധാരണക്കാരന്റെ നിത്യജീവിതത്തിന് അത്യന്താപേക്ഷിതമായ ചുറ്റുപാടുകളെ ആരോഗ്യകരമായി നിലനിർത്താനുള്ള രാഷ്ട്രീയമാണ്. നർമ്മദയിലെ സമരം അടിസ്ഥാന വർഗങ്ങളുടെ അടിത്തറ നിലനിർത്താനുള്ള അവകാശത്തിനുള്ള രാഷ്ട്രീയ സമരം കൂടിയാണ്. രാഷ്ട്രത്തിന്റെ അതിരുകൾക്കുള്ളിൽ വരുന്ന ജലം, കര, ആകാശം എന്നിവ രാഷ്ട്രത്തിന്റെ ഭാഗമാണെങ്കിൽ, അതിലടങ്ങിയിട്ടുള്ള ചരാചരങ്ങൾ രാഷ്ട്രത്തിന്റെ ഭാഗമാണെങ്കിൽ നർമ്മദ (ജലം) അവിടുത്തെ ജനങ്ങൾ മറ്റു ജന്തുമൃഗാദികൾ, വനങ്ങൾ (ചരാചരങ്ങൾ) എല്ലാം രാഷ്ട്രത്തിന്റെ ഭാഗമാകുന്നു. അതിന്റെ നിലനില്പിനായി ചെയ്യുന്ന പ്രവർത്തനങ്ങളത്രയും രാഷ്ട്രീയ പ്രവർത്തനങ്ങളുമാകുന്നു.

നമ്മുടെ രാഷ്ട്രീയ കക്ഷികളെല്ലാം ഭരണാധികാരത്തിലെത്താനുള്ള വഴിയിലൂടെ മാത്രം സഞ്ചരിക്കുന്നവയാണ്. അവയുടെ പ്രവർത്തനങ്ങൾ മാത്രമാണ് രാഷ്ട്രീയ പ്രവർത്തനങ്ങളെന്ന് നമ്മൾ പഠിച്ചു വയ്ക്കുകയും ചെയ്തു. അതൊരു വലിയ പിശകാണ്. അതു തിരുത്താത്തിടത്തോളം വികല രാഷ്ട്രീയം പഠിച്ച വിഢ്ഢികളായി നമ്മളും പരിഗണിക്കും.

രാഷ്ട്രത്തിന്റെ നാലു പ്രധാന ഘടകങ്ങളിൽ ഒന്നു മാത്രമാണ് ഭരണകൂടം. രാഷ്ട്രത്തിന്റെ നിലനില്പിന് ശക്തമായ ഭരണകൂടം അത്യാവശ്യമാണ്. പക്ഷെ, ശക്തമായ ഒരു ഭരണകൂടം മാത്രമുണ്ടായാൽ രാഷ്ട്രമുണ്ടാകില്ല. ഭരണകൂടത്തിന് ഭരിക്കാനിടം വേണം. ഭരിക്കപ്പെടാനുള്ള മനുഷ്യരും വേണം. മനുഷ്യ ശരീരത്തിൽ തല അതിപ്രധാനമായ ഒരവയവമാണെന്നു പറയാം. പക്ഷെ ഉടലില്ലാത്ത തലയ്ക്കെവിടെ നിലനില്പ്? തലയില്ലാത്ത ഉടലിനും ഇതു തന്നെയാണവസ്ഥ. എല്ലാം പരസ്പരപൂരകങ്ങളാണ്. ഈ വസ്തുതകളറിയാതെ ആട്ടം കാണുന്ന മണ്ടശിരോമണികളാണു രാഷ്ട്രീയക്കാരെന്നു പറഞ്ഞു ഞെളിഞ്ഞു നടക്കുന്ന പലരും അവരുടെ രാഷ്ട്രീയം വികലാംഗ രാഷ്ട്രീയവും (അധമ രാഷ്ട്രീയം) അവർ രാഷ്ട്രീയ വികലാംഗരുമാണ്.

ഉത്തമരാഷ്ട്രീയത്തിൽ പരമാധികാരമുള്ള ഭരണകൂടത്തെപ്പോലെ മറ്റു മൂന്നു ഘടകങ്ങൾക്കും പ്രധാന്യമുണ്ടായിരിക്കും. ഉത്തമരാഷ്ട്രീയക്കാർ ഭരിക്കുന്നിടത്ത് 'നർമ്മദയും' 'മാവൂരും' ഒരു സമരമായി മാറുകയേയില്ല. സൈലന്റ് വാലി വിവാദമാവുകയേയില്ല. പുകവലി നിരോധനത്തിന്റെ ആവശ്യമേ വരില്ല. പൊഖ്രാനിൽ അണുബോംബ് പൊട്ടുകയില്ല. കാർഗിലിൽ രക്തം ചിന്തുകയു

### ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും

മില്ല. അശോകചക്രവർത്തിയെ പാടിപ്പുകഴ്ത്തുന്നവരാണ് നമ്മൾ. അശോകസ്തംഭം നമ്മുടെ ദേശീയ ചിഹ്നവും. അശോകചക്രം നമ്മുടെ കൊടിയടയാളവും അശോകൻ പ്രചരിപ്പിച്ച അഹിംസ നമ്മുടെ ആപ്തവാക്യവുമാണ്. പക്ഷെ അശോകൻ സ്ഥാപിച്ചു നടപ്പിലാക്കിയ ഭരണക്രമത്തെയും അതുൾക്കൊള്ളുന്ന രാഷ്ട്രീയത്തെയും നമുക്കുൾക്കൊള്ളാനായില്ല. ചരിത്രത്തിൽ നിന്നറിഞ്ഞിടത്തോളം അശോക ചക്രവർത്തി ഉത്തമനായ ഭരണാധികാരിയും ഉത്തമരാഷ്ട്രീയത്തിന്റെ പ്രചാരകനുമായിരുന്നു. അതിനു ശേഷം പിന്നീടു നാം കാണുന്ന ഉത്തമ രാഷ്ട്രീയക്കാരൻ ഗാന്ധിജിയാണ്. അദ്ദേഹം അധികാരമോഹിയായിരുന്നില്ല. അതുകൊണ്ട് ഉത്തമനായൊരു ഭരണാധികാരിയായിരുന്നോ എന്നറിയില്ല. പക്ഷെ തികച്ചും ഉത്തമരാഷ്ട്രീയക്കാരനായിരുന്നു. ഒരു രാഷ്ട്രത്തിനുള്ളിൽ കൈകാര്യം ചെയ്യപ്പെടേണ്ട ഏതു വിഷയങ്ങളിലും അത്യാവശ്യത്തിനുള്ള അറിവു നേടിയിരുന്ന നേതാവായിരുന്നു അദ്ദേഹം. അതിൽ പല വിഷയങ്ങളിലും പരീക്ഷണങ്ങൾ നടത്തി സ്വന്തം വഴി കണ്ടെത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അനുയായികളെന്നു പറഞ്ഞു നടക്കുന്നവരിൽ പലരും രാഷ്ട്രീയത്തിന്റെ 'ഹരിശ്രീ' അറിയാത്തവരും ഭരണത്തിലെ ഉന്നത സ്ഥാനങ്ങളിൽ വിരാജിക്കുന്നവരുമാണ്. അധികാരം കിട്ടാനായി ഇക്കൂട്ടർ പയറ്റുന്ന തന്ത്രങ്ങളും കുതന്ത്രങ്ങളും മാത്രമല്ല രാഷ്ട്രീയം. അതു വെറും മുറി രാഷ്ട്രീയമാണ്. മുറി രാഷ്ട്രീയത്തിൽ രാഷ്ട്രീയമുണ്ടെന്നല്ലാതെ അതാണ് ഉത്തമരാഷ്ട്രീയമെന്ന് നമ്മൾ കരുതരുത്.

നാം ആരാധിക്കുന്ന നമ്മുടെ ബുദ്ധിജീവികളിൽ പലരും മുറിരാഷ്ട്രീയക്കാരല്ലേയെന്ന് ഒന്നാലോചിച്ചു നോക്കൂ. അധികാരം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷികളിലെ സകല ബുദ്ധിജീവികളും ഇത്തരക്കാരാണ്.

ഒരു രാഷ്ട്രീയകക്ഷി, ആ കക്ഷിക്ക് പൊന്നു തമ്പുരാനെപ്പോലൊരു നേതാവ്, ആ നേതാവിന്റെ കയ്യിൽ പരിശുദ്ധമായൊരു വടി. ആ വടിയുടെയറ്റത്ത് അതിവിശുദ്ധമായൊരു കഷണം തുണി. ആ തുണിയിൽ വരച്ചു ചേർത്തതോ തുന്നിച്ചേർത്തതോ ആയ അതീവ വിശുദ്ധമായൊരടയാളം. നേതാവിന്റെ വാനിറയെ മുദ്രാവാക്യങ്ങളും. അദ്ദേഹത്തിനപ്പപ്പോൾ വെളിച്ചപ്പെട്ടുണ്ടാകുന്ന പ്രത്യയശാസ്ത്ര വെളിപാടുകളും. ഇതാണ് നമ്മുടെ രാഷ്ട്രീയത്തിന്റെ ആകാശവും ഭൂമിയും വെള്ളവും വെളിച്ചവും. അതിരുകളും ചരാചരങ്ങളുമെല്ലാമെല്ലാം. അധികാരത്തിലേക്കു നേരെ കടന്നു കയറാൻ ചിലർ പയറ്റുന്ന കുതന്ത്രമുറകൾ മാത്രമാണിത്. ഇതൊരിക്കലും ഉത്തമ രാഷ്ട്രീയത്തിലുൾപ്പെടുന്നില്ല.

രാഷ്ട്രീയം രാഷ്ട്രത്തിനു വളർന്നു കാതൽ വയ്ക്കാനുള്ള പോഷകാഹാരമാണ്. ഉത്തമ രാഷ്ട്രീയം കൊണ്ടേ അതു ലഭിക്കൂ. അധമരാഷ്ട്രീയത്തിന്റെ ഫലങ്ങൾ തിന്നുവളരുന്ന രാഷ്ട്രം തടിച്ചുകൊഴുത്തിരുന്നുവെന്നു വരും. പക്ഷെ ആ തടി മുഴുവൻ രോഗങ്ങളും അവയെ മാറ്റാനായി പ്രയോഗിച്ച വിഷങ്ങളും കൊണ്ടു നിറഞ്ഞിരിക്കും.

രാഷ്ട്രീയത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നവരെ അരാഷ്ട്രീയ വാദികൾ എന്നു വിശേഷിപ്പിച്ചു കേൾക്കുന്നുണ്ട്. ചുമ്മാതുള്ളവരല്ല, എണ്ണപ്പെട്ട ബുദ്ധിജീവികൾ ആ പ്രയോഗം പല സ്ഥലത്തും എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. ഇന്ന് ഏതെങ്കിലും രാഷ്ട്രത്തിന്റെ പരമാധികാരത്തിൻ കീഴിൽ വരാത്ത ഒരു ഘനയിഞ്ചു പ്രദേശമെങ്കിലുമുണ്ടോയെന്നറിയില്ല. ഭരണകൂടങ്ങളുടെ പരമാധികാരം നമ്മുടെ തലച്ചോറുകളിലേക്ക് പോലും വ്യാപിച്ചു കിടക്കുകയാണ്. പിന്നെങ്ങിനെ നാം 'അരാഷ്ട്രീയം' ചിന്തിക്കും?

'കേരളീയം രാഷ്ട്രീയം പാടെ ഒഴിവാക്കിയിരിക്കയാണെന്നു തോന്നുന്നു' എന്നൊരു പരിഭവം ഒരു വായനക്കാരന്റെ കത്തിൽ കാണുകയുണ്ടായി. മേൽപ്പറഞ്ഞ രീതിയിൽ രാഷ്ട്രീയത്തെ വ്യാഖ്യാനിക്കുമ്പോൾ 'കേരളീയം' രാഷ്ട്രീയം ഒഴിവാക്കുകയാണോ ചെയ്തതെന്നറിയാം. വികലാംഗ രാഷ്ട്രീയത്തിന്റെ പിടിയിൽനിന്നും വായനക്കാരനെ ഉത്തമരാഷ്ട്രീയത്തിന്റെ വെളിച്ചത്തിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണിവിടെ. മനോരമയും മാതൃഭൂമിയും തുടങ്ങി കൗമുദി വരെയുള്ളവർ കാട്ടിത്തന്ന വികലാംഗ രാഷ്ട്രീയം പഠിച്ചു വളർന്നവരും ദേശാഭിമാനി, ചിന്ത, ജനയുഗം, വീക്ഷണം തുടങ്ങിയ അതിഗുരുതരമായ വികലാംഗ രാഷ്ട്രീയം പഠിച്ചു വളർന്നവരുമാണ് നമ്മൾ. അവിടെ വിട്ട് വിശാലരാഷ്ട്രീയത്തിന്റെ പ്രകാശം കണ്ണിൽത്തട്ടുമ്പോഴുള്ള അങ്കലാപ്പ് സ്വാഭാവികമാണ്. നാമത് പരിശ്രമിച്ചു പരിശീലിക്കേണ്ടിയിരിക്കുന്നു.

'കേരളീയ'ത്തിൽ കൈകാര്യം ചെയ്തു പോരുന്ന വിഷയങ്ങളെ വിലയിരുത്തിക്കൊണ്ട് അതു നിലകൊള്ളുന്ന വിശാല രാഷ്ട്രീയത്തിന്റെ വഴി ഒന്നുകൂടി വിശദമാക്കട്ടെ. ഒക്ടോബർ ലക്കം ആധാരമാക്കിയാണു വിലയിരുത്തൽ.

'കോളജുകളിൽ മരംമുറി വികസനം' ഒന്നാം പേജിലെ ഒരു വാർത്ത. വിഷയം പരിസ്ഥിതിയാണല്ലോ. അതിലെവിടെ രാഷ്ട്രീയം? എന്താണു പരിസ്ഥിതിയെന്നറിഞ്ഞാലേ അതിൽ രാഷ്ട്രീയമുണ്ടോ എന്നറിയാനാവൂ. നാം നിലകൊള്ളുന്ന തറയും നമുക്ക് നിലനിൽക്കാൻ അത്യാവശ്യമുള്ള ചുറ്റുപാടുകളും ചേർന്നതാണ് പരിസ്ഥിതി. രാഷ്ട്രത്തിന്റെ ഘടകങ്ങളിലൊന്നായ മണ്ണാണ് നാം നില്ക്കുന്ന തറ. നമ്മെ നിലനിർത്തുന്നത് വെള്ളം, വായു, മറ്റു ചരാചരങ്ങൾ എന്നിവയും. വെള്ളവും വായു (ആകാശമെന്നു പറയുന്നത്) ചരാചരങ്ങളും രാഷ്ട്രത്തിന്റെ ഭാഗമാണല്ലോ. അപ്പോൾ അവയെക്കുറിച്ച് പറയുന്നത് രാഷ്ട്രീയം തന്നെയാണ്. പക്ഷേ, നാളിതുവരെ ശീലിച്ചുപോന്ന വികലാംഗ രാഷ്ട്രീയത്തിൽ പെടുകയില്ല. ഇത് ഉത്തമ രാഷ്ട്രീയമാണ്. അതായത് വിശാല രാഷ്ട്രീയം. കോളജ് കാമ്പസിലെ മരംമുറിക്ക് പ്രാധാന്യമുണ്ട്. അവിടെ നിന്നു പഠിക്കുന്ന തെറ്റായ ധാരണകളുമായി കടന്നുവരുന്ന യുവാക്കളാണ് നാളെ ഈ രാഷ്ട്രത്തിന്റെ ഭാവി നിർണയിക്കേണ്ടത്.

കേരളത്തിലെ നെൽകൃഷി തകർത്തത് ബഹുരാഷ്ട്ര കമ്പനികൾ എന്നതിലെ രാഷ്ട്രീയം അതീവ ശ്രദ്ധേയമാണ്. പരമാധികാര രാഷ്ട്രമായ ഇന്ത്യയിലെ പരമാധികാരമുണ്ടെന്നു പറയപ്പെടുന്ന ഭരണകൂടത്തെ കബളിപ്പിച്ച് വിദേശകമ്പനികൾ നമ്മുടെ അതിരുകൾക്കുള്ളിൽ ശാന്തമായി കടന്ന് നമ്മുടെ സുശക്തവും സുസ്ഥിരവുമായ കൃഷിമേഖല തകർത്തതിന്റെ ചെറുവിവരണമാണത്. ഉത്തമ രാഷ്ട്രീയത്തിൽ പയറ്റി പഠിക്കാത്ത തിരുമണ്ടൻമാർ ഭരണം കൈയാളിയാൽ എന്തു സംഭവിക്കുമെന്നതിന്റെ നല്ലൊരു ഉദാഹരണമാണത്. ഇതു തന്നെയല്ലേ കഴിഞ്ഞ നൂറ്റാണ്ടുകളിൽ സംഭവിച്ചതും. വിദേശികൾ നമ്മുടെ രാജ്യം ഭരിക്കാനിടവരുത്തിയതും.

നർമ്മദാ സമരത്തെക്കുറിച്ചു പറഞ്ഞു കഴിഞ്ഞു.

'ബ്രഹ്മി ചേർക്കാത്ത ബ്രഹ്മി ക്യാപ്സൂൾ', 'ഹില്ല- ഞാമ്മരിക്കട്ടെ', ശ്രീ കെ.ബി.മധുസൂദനന്റെ കാർട്ടൂൺ എന്നിവയെല്ലാം എന്താണ് പറയുന്നത്. ആരോഗ്യരംഗത്തെ ചൂഷണത്തെക്കുറിച്ച്. ചൂഷണത്തിനെതിരേയുള്ള സമരം രാഷ്ട്രീയത്തിൽ അതിപ്രധാനമായൊരു ചുവടുവയ്പാണ്. അതിനുവേണ്ടി ജനങ്ങൾ സജ്ജരാകണമെങ്കിൽ അവരത് അറിയണം. പൾസ് പോളിയോയെക്കുറിച്ച് പറയുന്ന എഡിറ്റോറിയലും ആരോഗ്യരംഗത്തെ ചൂഷണത്തെക്കുറിച്ച് നമ്മോട് പറയുന്നു.

ആയുധവുമായി നേരിട്ടുവരുന്ന ശത്രുവിനെ തിരിച്ചറിയാൻ അതിബുദ്ധിയുടെ ആവശ്യമില്ല. പക്ഷേ, തുറന്ന ചിരിയോടെ വന്നു കെട്ടിപ്പിടിച്ചുമ്മ വച്ച് നമ്മളറിയാതെ നമ്മുടെ പോക്കറ്റടിച്ചു പോകുന്ന കൊള്ളക്കാരനെ തിരിച്ചറിയണമെങ്കിൽ അറിവും വിശേഷബുദ്ധിയും പ്രത്യേക പരിശീലനവും വേണ്ടിവരും.

'തെരഞ്ഞെടുപ്പിനു ചെലവാകുന്നത്' എന്ന വാർത്തയിൽ രാഷ്ട്രീയമില്ലേ.? കേരളം കുറ്റകൃത്യങ്ങളിൽ മുൻനിരയിലേക്ക് എന്നതിൽ രാഷ്ട്രീയമില്ലേ?

ഇങ്ങനെ വിശാല രാഷ്ട്രീയത്തിന്റെ വിഷയങ്ങളുമായേ 'കേരളീയം' ഇന്നുവരെ പുറത്തിറങ്ങിയിട്ടുള്ളൂ. നമുക്ക് പരിചയമുള്ളത് വികലാംഗ രാഷ്ട്രീയമായതുകൊണ്ട് വിശാല രാഷ്ട്രീയം തിരിച്ചറിയുന്നില്ലെന്നേയുള്ളു. സാരമില്ല, അതിൽ നമ്മളല്ല കുറ്റവാളികൾ. നമ്മെ പഠിപ്പിച്ച പാഠങ്ങൾ പലതും തെറ്റിന്റെ പാഠങ്ങളായിരുന്നു. അവിടെനിന്നും ശരിയിലേക്കു വരാൻ ലേശം സമയമെടുക്കും. ലേശം മിഥ്യാഭിമാനവും തോന്നിക്കും. സാരമില്ല നാം സ്വയം തിരുത്തേണ്ട കാലമാണിത്. അന്വേഷണങ്ങളും പഠനങ്ങളും കൊണ്ട് പുതിയ വഴികൾ തേടേണ്ട കാലമാണിത്. നമുക്കൊരു വഴികാട്ടി വേണം. കുറെയെങ്കിലും വഴിയറിയാവുന്ന ഒരാൾ. അവിടേക്ക് കേരളീയത്തെ നിർത്താനാകുമോ എന്നു നോക്കാം.